ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇക്കാര്യം പരിശോധിച്ചു വരുന്നു. നിലപാടൊന്നും സ്വീകരിച്ചിട്ടില്ല.

മത്സ്യഫെഡിൽ ജില്ലാതല കമ്മിറ്റികൾ

81 [89] ശ്രീ. വി. ദിനകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യഫെഡിന്റെ ജില്ലാതല കമ്മിറ്റികൾ ഏതെല്ലാം ജില്ലകളിൽ രൂപീകരിച്ചിട്ടുണ്ട്;

(ബി) രൂപീകരിക്കാത്ത ജില്ലകളിൽ ഇവ രൂപീകരിക്കുന്നതിനുള്ള കാലതാമസത്തിന് കാരണം എന്തെന്ന് വ്യക്തമാക്കാമോ;

(സി) മത്സ്യത്തൊഴിലാളി ഗ്രാമ സംഘ തലത്തിൽ ബോർഡ് രൂപീകരിക്കാത്ത ഏതെല്ലാം ജില്ലകളുണ്ടെന്നേ് വ്യക്തമാക്കുമോ;

(ഡി) ഉൾനാടൻ ഗ്രാമസംഘങ്ങളിൽ ബോർഡ് രൂപവൽക്കരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കണ്ണൂർ എന്നീ ജില്ലകളിൽ മത്സ്യഫെഡിന്റെ ജില്ലാതല കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) മത്സ്യത്തൊഴിലാളി ക്ഷേമ സംഘങ്ങളുടെ മരണ സമിതികൾ രൂപീകരിച്ചിട്ടുള്ള ജില്ലകളിൽ മാത്രമെ മത്സ്യഫെഡിന്റെ ജില്ലാ കമ്മിറ്റികൾ രൂപീകരിക്കാനാകുകയുള്ളൂ. മത്സ്യത്തൊഴിലാളി ക്ഷേമ സംഘങ്ങളുടെ മരണ സമിതികൾ സംഘടിപ്പിക്കുന്നതിന് നേരിടുന്ന കാലതാമസമാണ് ജില്ലാതല കമ്മിറ്റികളുടെ രൂപീകരണം വൈകുവാനുള്ള കാരണം.

(സി) ആലപ്പുഴ, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ മത്സ്യത്തൊഴിലാളി ഗ്രാമ സംഘങ്ങളുടെ ബോർഡുകൾ രൂപീകരിച്ചിട്ടില്ല.

(ഡി) ഉണ്ട്.

മത്സ്യത്തൊഴിലാളി സഹകരണ സ്ഥാപനങ്ങളുടെ ആസ്തി

82. [90] ശ്രീ. വി. ദിനകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി മേഖലയിൽ ലിക്വിഡേറ്റ് ചെയ്ത സഹകരണ സ്ഥാപനങ്ങളുടെ ആസ്തി ഏതു തരത്തിൽ വിനിയോഗിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly